# KERALA DIRECTORY

SIXTH EDITION

CHRISTIAN MUSICOLOGICAL SOCIETY OF INDIA

1963

EDITED & PUBLISHED

BY

P. FELIX

CHANGANACHERRY.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# KERALA DIRECTORY

ആറാംപതിപ്പ്

# കേരള ഡയറക്ടറി.

## 1963

(കേരളത്തിലെ വിവിധ ജാതി മതങ്ങളെയും, സമുദായങ്ങളേയും, അതിൽ പല വിധത്തിലും പ്രാമാണ്യമുള്ള വ്യക്തികളേയും, കുടുംബങ്ങളേയും പരസ്പരം മനസ്സിലാക്കുന്നതിനും, അവരുടെ യശസ്സിനേയും, വംശപാരമ്പര്യത്തേയും കാലാകാലത്തോളം — തലമുറതലമുറകളായി — ചരിത്ര റിക്കാർഡാക്കിത്തീർക്കുന്നതിനും പ്രയോജകീഭവിക്കുന്ന കാലോചിതമായ ഒരു പ്രസിദ്ധീകരണം).

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

*Edited & Published*

BY

**P. FELIX,**

KERALA DIRECTORY

CHANGANACHERRY.

1080

Price Rs. 15/- Postage Extra.

(COPY RIGHT)

Printed at the
St. Joseph's Printing House,
Tiruvalla.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പ്രസ്താവന

അതീത കാലങ്ങളിലെ ചരിത്രസംഭവങ്ങൾ, മഹാശില്പസംവിധാനങ്ങൾ, അനുഗൃഹീത വീരന്മാർ, അത്ഭുതയാഥാർത്ഥ്യങ്ങൾ, പ്രകൃതിസുഭഗതകൾ മുതലായവയ്ക്കു് സാമാന്യലോകത്തിലുള്ളതിനേക്കാൾ ഏറ്റവും മികച്ച സ്ഥാനമാണു സാഹിത്യത്തിനുള്ളതു്. സ ശൈശാലികാനവിലംബിതരായി പിൽക്കാലസന്താനങ്ങൾ വളരുന്നതിനും, ആത്മശോധന നടത്തി അവർക്കു സ്വയം ലോകനേതാക്കളായി പരിവർത്തനപ്പെടുന്നതിനും, സുകുമാരകലാഭിരുചി ഉണ്ടാകുവാനും, എന്നുവേണ്ട, പ്രപഞ്ചസംവിധാതാവിന്റെ അത്ഭുതങ്ങളിൽ ആഹ്ളാദിക്കാനും ഈവക സർവ്വവിജ്ഞാനപ്രദങ്ങളായ സാഹിത്യഗ്രന്ഥങ്ങൾ സാഹായ്യകമായി ഭവിക്കുന്നുണ്ടു്. ഗ്രന്ഥവിസ്തൃതികൊണ്ടു് മേലേക്കിടയിലെത്തിയിട്ടുള്ള ഏതു ഭാഷാസാഹിത്യഗ്രന്ഥങ്ങൾ പരിശോധിച്ചാലും, ഈ അഭിപ്രായം അക്ഷരംപ്രതി അന്വർത്ഥമാണെന്നു കാണാവുന്നതാണു്.

ഡയറക്ടറികൾ, പുരാതനവും ആധുനികവുമായ സംഭവപരമ്പരകളുടെ യഥാർത്ഥ ചരിത്രങ്ങൾകൊണ്ടു നിറഞ്ഞ ഒരുവക വിജ്ഞാനകോശങ്ങൾ തന്നെയാണു്. അമേരിക്ക, ഇംഗ്ലണ്ടു്, ഫ്റാൻസ്, റഷ്യ മുതലായ പരിഷ്കൃതദേശങ്ങളിൽ കൃഷി, കച്ചവടം, വ്യവസായം, കലകൾ മുതലായി ഭാഗികങ്ങളായ ഓരോന്നിനും വിസ്തൃത വിവരണങ്ങളോടുകൂടിയ ഡയറക്ടറികൾ പുറപ്പെടുവിക്കുന്നുണ്ടു്. പ്രസിദ്ധീകരണക്കാരെ പ്രോത്സാഹിപ്പിച്ചും അതിനുതന്നെ പ്രത്യേക വകുപ്പുകൾ ഏർപ്പെടുത്തി ഉദ്യോഗസ്ഥന്മാരെ നിയമിച്ചും ഈ ശാഖയെ ഉപശാഖാസമേതം കൊഴുപ്പിക്കാൻ ഗവമ്മെൻറു കഴിവതു ശ്രമിച്ചുവരുന്നു. ഇപ്പോൾ നമ്മുടെ ഭാരതീയഭാഷകളിലും ഈ പ്രസ്ഥാനങ്ങൾ വേരൂന്നിയിട്ടുണ്ടെങ്കിലും ശ്രേയസ്ക്കരമാംവിധം വളർന്നിട്ടുണ്ടെന്നു സമ്മതിക്കാൻ നിവൃത്തിയില്ല. പ്രത്യേകിച്ചു് കൈരളിയേയും കേരളത്തേയും സംബന്ധിച്ചു്, ഈ പ്രസ്ഥാനം ഇന്നും വെറും ശൈശവത്തിൽനിന്നും മുന്നോട്ടു കടന്നിട്ടില്ലെന്നു് അഭ്യസ്തവിദ്യരായ ഏവക്കും അറിയാവുന്നതാണു്.

ഗവമ്മെൻറുകളുടെയും സകല കലാലയക്കാരുടെയും പിന്തുണകൂടാതെ ഇത്രയും ബൃഹത്തായ പ്രസ്ഥാനങ്ങൾ വിജയത്തിലെത്താൻ വിഷമമാകുന്നു. വ്യക്തികൾ ഇതിനുവേണ്ടി ശ്രമിച്ചു് അവരുടെ സവ്വ കഴിവുകളും ബലികഴിച്ചു് ഇതിനെ വളർത്തുന്നെങ്കിൽ ആ ശ്രമം എന്നെന്നും സാഹിത്യത്തിലെന്നല്ല, ലോകത്തിൽതന്നെ അത്യുന്നതസ്ഥാനത്തിനർഹമാണെന്നും പ്രത്യേകിച്ചു പ്രതിപാദിക്കേണ്ടതില്ലല്ലോ.

ഈ പ്രസിദ്ധീകരണത്തിൽ സാമാന്യമായും പ്രത്യേകമായും ഒരുവിധം മിക്ക സംഗതികളെപ്പറ്റിയും സംഗ്രഹമായി പ്രതിപാദിക്കാൻ ഞങ്ങൾ കഴിവതും ശ്രമിച്ചിട്ടുണ്ടു്. ഒരു ചരിത്രകാരനും, ഒരു നേതാവിനും, ഒരു വിദ്യാർത്ഥിക്കും, ഒരു ചിന്തകനും, ആവശ്യപ്പെട്ട കാര്യങ്ങൾ ഇതിൽ അതാതു സ്ഥലത്തു സ്ഥാനം പിടിച്ചിട്ടുണ്ടെന്നു് നിർമ്മത്സരന്മാർക്കു് ഗ്രഹിക്കുവാൻ യാതൊരു വൈഷമ്യവും ഇല്ല. കേരളത്തെ സംബന്ധിച്ച പല പുരാതന ചരിത്രരേഖകൾ, സീമാവിധാനങ്ങൾ, ദേവാലയങ്ങൾ, പ്രശസ്തവ്യക്തികളുടെ ജീവചരിത്രങ്ങൾ, കുടുംബചരിത്രങ്ങൾ, രാഷ്ട്രീയ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# അഭിപ്രായങ്ങൾ.

## ശ്രീ. ശൂരനാട്ട് കുഞ്ഞൻപിള്ള

(ഇംഗ്ലീഷ്), എം. എ. (സംസ്കൃതം), എം. എ. (മലയാളം) എം. എ.

എന്റെ മാന്യസുഹൃത്ത് ശ്രീ. പി. ഫെലിക്സ്, ചങ്ങനാശ്ശേരി നമുക്ക സമ്മാനിക്കുന്ന ഈ കേരള ഡയറക്ടറി നമ്മുടെ ബഹുമാനപൂർവ്വമായ സ്വീകരണം അർഹിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണ്. കേരളീയക്ക് താല്പര്യമുള്ള വിഷയങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥം എത്രമാത്രം വിലയേറിയതാണെന്ന് പറയേണ്ടതില്ലല്ലോ. നമുക്ക സാമാന്യഗതിയിൽ അറിയാനുള്ള എല്ലാ വിഷയങ്ങളെപ്പറ്റിയും പ്രതിപാദിക്കണമെന്നാണ് ശ്രീ. ഫെലിക്സിന്റെ ലക്ഷ്യം. എന്നാൽ ആ ലക്ഷ്യപ്രാപ്തിക്ക എത്രമാത്രം ക്ലേശിക്കണമെന്ന് അല്പം ആലോചിച്ചാൽ നമുക്ക മനസ്സിലാക്കാവുന്നതാണ്. അതിനാൽ പൂർണ്ണവിജയം കിട്ടാൻ ഇനിയും പരിശ്രമിക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്. എന്നാലും ശ്രീ. ഫെലിക്സ് ഇപ്പോൾ നേടിയിട്ടുള്ള വിജയവും ഒട്ടും കുറഞ്ഞതല്ല. ഉള്ളടക്കത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ ആ കാര്യം പെട്ടെന്നു മനസ്സിലാകും. വളരെ ശ്രമം ചെയ്തു സമ്പാദിച്ചിട്ടുള്ള വിവരങ്ങൾ നമുക്ക സമ്മാനിക്കുന്നയാണ് നമ്മുടെ സ്നേഹിതൻ. അവയ്ക്കുവേണ്ടി നാം അദ്ദേഹത്തോട്ട കടപ്പെട്ടിരിക്കയും ചെയ്യുന്നു.

ലോകത്തെപ്പറ്റി പൊതുവെയും, ഭാരതത്തെപ്പറ്റി സാമാന്യമായും, കേരളത്തെയും കേരളസംസ്കാരത്തെയും, കേരളീയജീവിതമണ്ഡലങ്ങളെയുംപറ്റി സവിസ്തരമായും പ്രതിപാദിക്കുന്ന ഒരു ഡയറക്ടറിയാണ് എന്റെ സുഹൃത്ത് സ്വപ്നം കാണുന്നത്. അതിനുവേണ്ടി അദ്ദേഹം അശ്രാന്തപരിശ്രമം ചെയ്തുവരുന്നതായും എനിക്ക് അറിയാം. അചിരേണ ആ പരിശ്രമം ഫലപുഷ്കലമാകുമെന്നും എനിക്ക വിശ്വാസമുണ്ട്. ഉൽകൃഷ്ടമായ ഈ ഗ്രന്ഥത്തെ നമുക്ക സംഭാവനചെയ്ത ഈ മാന്യൻ തന്നെ സർവ്വസമ്മതി നേടത്തക്ക ഒരു മഹദ്ഗ്രന്ഥവും നമുക്ക കഴിയുന്നതും വേഗം തരത്തക്കവണ്ണം അദ്ദേഹത്തിനു നമ്മുടെ പിന്തുണ ഉണ്ടാകേണ്ടതാണ്. പ്രയത്നം മാത്രം പോരാ ഇത്തരം ഗ്രന്ഥത്തിന്റെ നിർമ്മിതിക്ക്, ധനവ്യയവും ധാരാളം വേണം. അതിലേക്ക് ഉദാരമായ സഹായം ആവശ്യമാണ്. പ്രബുദ്ധരായ കേരളീയർ അതിലേക്ക് അദ്ദേഹത്തിനു സൗമനസ്യപുരസ്സരമായ സഹായം ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന. ശ്രീ. ഫെലിക്സിനു ഈശ്വരാനുഗ്രഹംകൊണ്ടു സകല വിജയവും കൈവരട്ടെ.

തിരുവനന്തപുരം.

രാജ്യസേവാപ്രവീണ

## ശ്രീ. പി. ജി. എൻ. ഉണ്ണിത്താൻ.

കേരളസംസ്ഥാനം രൂപം പ്രാപിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ കേരളത്തെയും, കേരളീയരെയുംപറ്റി ഒരു ഡയറക്ടറി പ്രസിദ്ധം ചെയ്യുവാൻ തീരുമാനിച്ചിരിക്ക

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വിഷയവിവരം


| | | പേയ്ജ് |
|---|---|---|
| 1. | കേരളചരിത്രം | 1–12 |
| 2. | കേരളമന്ത്രിസഭാംഗങ്ങൾ | –12 |
| 3. | കേരളത്തിലെ രാജകുടുംബങ്ങൾ. | 13–30 |
| 4. | കുലശേഖരപെരുമാൾ. | 31–32 |
| 5. | വില്ലാർവെട്ടം അഥവാ കേരളത്തിലെ ക്രിസ്ത്യൻ രാജവംശം. | 32–33 |
| 6. | കേരളത്തെ ഭരിച്ചിരുന്ന ചില വീരന്മാർ. | 33–34 |
| 7. | ചരിത്രപ്രസിദ്ധങ്ങളായ ചിലകോട്ടകൾ. | 35–36 |
| 8. | ക്രിസ്ത്യാനികളുടെ 72 പദവികൾ | 37–38 |
| 9. | ക്നായിത്തൊമ്മായുടെ കൊടുങ്ങല്ലൂർ കുടിയേററം. | 39–41 |
| 10. | പൊന്നിൻകുരിശു മുത്തപ്പൻ. | 42–43 |
| 11. | ചില ചരിത്രരേഖകൾ. | 44–49 |
| 12. | പുരാതന ക്രിസ്ത്യാനികളും അവരുടെ പണിക്കർസ്ഥാനവും. | –50 |
| 13. | ഹൈന്ദവ മതാചാര്യന്മാർ. | 51–54 |
| 14. | ഹൈന്ദവക്ഷേത്രങ്ങൾ. | 55–84 |
| 15. | ക്രൈസ്തവ ദേവാലയങ്ങൾ. | 85–119 |
| | ക്രൈസ്തവദേവാലയങ്ങൾ, 119-ാം പേജിന്റെ തുടർച്ച | a–h |
| 16. | ചരിത്രപുരുഷന്മാർ. | 120–129 |
| 17. | വെങ്ങുന്നാട്ടു നമ്പിയടികൾ, കേരളത്തിൽ അവർക്കുള്ള ണ്ടു പ്രാധാന്യങ്ങൾ. | 129–130 |
| 18. | വില്വമംഗലത്തു സ്വാമിയാർ. | 130–132 |
| 19. | കൂടൽമാണിക്യവും തച്ചുടയക്കയ്മളും. | 132–133 |
| 20. | ചെമ്പകശ്ശേരി രാജാവും പുതുമനനമ്പൂതിരിയും. | 133–138 |
| 21. | ക്ഷേത്രപ്രവേശന വിളംബരം | –138 |
| 22. | വൈഷ്ണവ സിദ്ധന്മാർ. | 139–141 |
| 23. | ഹൈന്ദവ വിശേഷദിവസങ്ങൾ | 142–157 |
| 24. | കേരളീയ ക്രിസ്ത്യാനികളും ആയോധനപരിശീലനവും. | 158–159 |
| 25. | ഐതിഹ്യങ്ങൾ. | 160–175 |
| 26. | ക്രൈസ്തവ വൈദിക മേലധ്യക്ഷന്മാർ. | 177–190 |
| 27. | കേരളത്തിലെ കലാലബ്രാഹ്മണർ. | 191–192 |
| 28. | സ്ഥാപനങ്ങൾ. | 193–205 |
| | സ്ഥാപനങ്ങൾ, 205-ാം പേജിന്റെ തുടർച്ച | 1–37 |
| 29. | പുരാതന കേരളത്തിലെ ചില പോളിനേഷ്യൻ വർഗ്ഗക്കാർ | 206–208 |
| 30. | മഹാത്മാഗാന്ധി | 209–217 |


www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

31. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്. 218–222

32. **Who's Who (വ്യക്തിചരിത്രം)** 225–398

വ്യക്തിചരിത്രം, അനുബന്ധം

ആറാംപതിപ്പ് 398–ാം പേജിന്റെ തുടർച്ച 1—126

കുടുംബചരിത്രങ്ങൾ, 127–135

33. കുടുംബചരിത്രങ്ങൾ 401–422
34. ലോകചരിത്രത്തിൽ ഓർമ്മിക്കേണ്ടുന്ന തീയതികൾ 423–459
35. കേരളത്തെ ഭരിച്ചിരുന്ന പെരുമാക്കന്മാരും
അവരുടെ ഭരണകാലങ്ങളും. –460
36. തിരുവിതാംകൂർരാജ്യത്തിന്റെ ഭരണസാരഥ്യം വഹിച്ചിട്ടുള്ള
രാജാക്കന്മാരും ഭരണകാലക്രമങ്ങളും. 461–462
37. കൊച്ചി രാജാക്കന്മാരും ഭരണകാലക്രമങ്ങളും. –462
38. തിരുവിതാംകൂർ ദിവാൻജിമാരും ദളവാമാരും. 462–463
39. തിരുവിതാംകൂറിലെയും കൊച്ചിയിലെയും
ബ്രിട്ടീഷ് റസിഡണ്ടന്മാർ. 464–465
40. വർത്തമാനപ്പത്രങ്ങളും മാസികകളും. 465–466
41. കേരളത്തിലെ കോളേജുകൾ. 467–468
42. പെരുമവിവരങ്ങൾ. 469–476
43. കേരളത്തിലെ മുനിസിപ്പാലിറ്റികൾ. –476
44. മാർപ്പാപ്പാമാരുടെ ഭരണകാലക്രമങ്ങൾ 477–484
45. അന്ത്യോക്യാ പാത്രിയർക്കീസന്മാർ. 485–486
46. കേരളീയ സാഹിത്യകാരന്മാർ. 457–512

---

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**P. Felix**

Editor & Publisher

Changanacherry

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# കേരള ചരിത്രം.

ഓരോ ദേശത്തിന്റെയും ചരിത്രം ആരായുമ്പോൾ അനവധി യുഗങ്ങളുടെ സംഭവങ്ങളും സംഗതികളും വികാസോന്മുഖങ്ങളായ മാറ്റങ്ങളും കാലസ്ഥിതികളനുസരണമായി മാറിമാറി വന്നുകൊണ്ടിരുന്നു എന്ന് കാണാവുന്നതാണ്. കേരളം, പരശുരാമൻ എന്ന ക്ഷത്രിയകുലാന്തകൻ 21 പ്രാവശ്യം ക്ഷത്രിയരാജാക്കന്മാരെ കൊന്നൊടുക്കിയ വീരഹത്യാപാപപരിഹാരനിവൃത്തിക്കുവേണ്ടി സൃഷ്ടിച്ച് ബ്രാഹ്മണർക്ക് നല്കിയതാണെന്ന് ഐതിഹ്യങ്ങൾ ഉദ്ഘോഷിക്കുമ്പോൾ, അതല്ലാ, ഭൂകമ്പത്താലോ മറ്റോ സമുദ്രം മാറി ഇങ്ങനെയൊരു ഭൂവിഭാഗം ഉണ്ടായതാണെന്നും പിൽക്കാലം അത് ജനാധിവാസയോഗ്യമായി തീർന്നതാണെന്നും ശാസ്ത്രങ്ങൾ സിദ്ധാന്തിക്കുന്നു. എങ്ങനെയായാലും ചരിത്രലക്ഷ്യങ്ങൾ ശരിയായി കണ്ടുകിട്ടുന്നതിന് മുൻപുതന്നെ ഇങ്ങനെയൊരു ഭൂവിഭാഗം ഇവിടെ ഉണ്ടായിരുന്നെന്നും, ഇവിടെ നാനാജാതിമതസ്ഥർ അധിവസിച്ചിരുന്നു എന്നും ഉള്ളതിന് യാതൊരു സംശയവും ഇല്ല.

ചേരദേശത്തിന്റെ അളമാണ് കേരളം എന്നത്; കീര എന്ന ശബ്ദം ചീരയാകുന്ന തുടപോലെ—ക—ച—കാരങ്ങൾ മറിച്ചും പ്രയോഗം വരാമെന്ന സ്ഥിതിക്ക്, വിശ്വസിക്കുന്നതിൽ തെറ്റില്ലെന്ന് ഗവേഷണചതുരന്മാരായ ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ആ ഭൂവിഭാഗത്തിലെ ആദിമ നിവാസികളെ ചേരളന്മാർ അല്ലെങ്കിൽ കേരളന്മാർ എന്ന് വിളിച്ചുവന്നിരുന്നതും സാധാരണമായിരിക്കാമല്ലോ. പുരാതനകാലത്ത്, ദക്ഷിണേന്ത്യയിൽ ചേരചോളപാണ്ഡ്യദേശങ്ങൾ ആധിപത്യം കൈക്കൊണ്ടിരുന്നെന്ന് ചരിത്രങ്ങളും ഉദ്ഘോഷിക്കുന്നുണ്ട്. മധുര, പാണ്ടി ഇവയുടെ പടിഞ്ഞാറുഭാഗത്തു നീണ്ടുകിടക്കുന്ന പർവ്വതപ്രദേശത്തിന് തമിഴർ മലൈനാടു അല്ലെങ്കിൽ മലൈമണ്ഡലം എന്നും, ഹിന്ദുസ്ഥാനത്തിൽനിന്നും ദക്ഷിണ ഇൻഡ്യയിലേക്ക് സംക്രമിച്ച ആര്യന്മാർ, ഇവിടുത്തെ കേരവൃക്ഷസമൃദ്ധി കണ്ട് കേരളം എന്നും, സംസ്കൃതാഭിജ്ഞന്മാർ പരശുരാമപരമായ ഐതിഹ്യത്തെ അടിസ്ഥാനപ്പെടുത്തി ഭാർഗ്ഗവക്ഷേത്രമെന്നും, വിദേശീയ വ്യാപാരികൾ "മലീബാർ" അല്ലെങ്കിൽ 'മലബാർ' എന്നും, ഗ്രീക്കുകാർ തമിഴകം എന്നതിനെ ദിമിലിക്കെ, എന്നാക്കി ആവിധത്തിലും നാമകരണം ചെയ്തിരുന്നു. അതിർത്തി നിർണ്ണയവിഷയത്തിൽ ഇവരെല്ലാരൊന്നിനും അല്പമായ വ്യത്യാസങ്ങൾ ഉണ്ട്. പശ്ചിമപർവ്വതത്തിന്റെ പശ്ചിമദേശത്തുള്ള ഭൂവിഭാഗം മലനാട്ടിലും, കന്യാകുമാരി മുതൽ ഗോകർണ്ണം വരെയുള്ള ഭാഗങ്ങൾ കേരളത്തിലും അറേബ്യൻ കടലിന്റെ തീരപ്രദേശങ്ങൾ മലബാറിലും ഉൾപ്പെട്ടിരുന്നു. ഇന്നത്തെ കേരളം പഴയ ദ്രമിളരാജ്യത്തിന്റെ കടലോരമായിരിക്കാമെന്നും, 'കൃതമാല'നദി അതിന്റെ അതിരായിരുന്നു എന്നും "കൃതമാലാ മലയാചലാ പശ്ചിമാംഭോധിമദ്ധ്യേ" എന്ന പ്രയോഗത്തിൽ നിന്നും ഊഹിക്കാവുന്നതുമാണ്. ഒരിക്കൽ ദ്രമിളരാജ്യത്തിന്റെ അധിപനായിരുന്ന സത്യവ്രതൻ സ്നാനത്തിന് പോയപ്പോൾ കൈയിൽ തർപ്പണത്തിനെടുത്ത ജലത്തിൽ ഒരു മത്സ്യം കണ്ടതു വിട്ടൊഴിയാതെവന്നു എന്നും അപ്രകാരം മത്സ്യാവതാരത്തിൽ അരുളിച്ചെയ്യപ്പെട്ട ആ മത്സ്യപ്രളയ കഥയും അനന്തര സംഭവങ്ങളും രാജാവിനെ മനസ്സിലാക്കിയെന്നും ഐതിഹ്യങ്ങളിൽ കാണുന്നതു, കേരളത്തെ സമുദ്രം ആക്രമിച്ചു എന്ന സംഗതിയ്ക്കു ഒരു തെളിവാണെന്ന് പറയാം. കേരളോല്പത്തി എന്ന പുരാതനഗ്രന്ഥത്തിൽ ഇങ്ങനെയാണ് പറയുന്നതു.

www.TheCMSIndia.org

വിദ്വാൻ, പി. കെ. രാമൻപിള്ള.

വ്യാഖ്യാനശാഖയിൽ വിഹരിച്ച് സുപ്രസിദ്ധി സമ്പാദിച്ച ഒരു തികഞ്ഞ പണ്ഡിതനാണിദ്ദേഹം. നിരൂപണപരമായ അവതാരികയോടെ, എഴുത്തച്ഛൻ, ചെറുശ്ശേരി, നമ്പ്യാർ, വാര്യർ, മുതലായവരുടെ പല കൃതികളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാഷാചരിത്രദീപിക. വ്യാകരണബോധിനി, ശാന്തഭവനം, ധർമ്മബോധം മുതലായി പല ഗ്രന്ഥങ്ങൾ ഇദ്ദേഹം എഴുതിയിട്ടുണ്ട്. ഭാഷാചരിത്രദീപിക, ഭാഷയിലെ ഏറ്റം സംഗ്രഹമായ ഒരു ചരിത്രഗ്രന്ഥമാണ്.

## പുരോഗമന സാഹിത്യകാരന്മാർ.

പുരോഗമന സാഹിത്യപ്രസ്ഥാനം നമ്മുടെ ഭാഷയിൽ ഇംഗ്ലീഷിൽ നിന്നാണ് വന്നുചേർന്നിട്ടുള്ളത്. രാഷ്ട്രീയസാമുദായിക പരിവർത്തനങ്ങളുടെ ഗതിവിഗതികൾ വിശദമാക്കുകയാണ് ഈ ശാഖയുടെ ലക്ഷണം. സ്ഥിതിസമത്വസ്ഥാപനം ഈ പ്രസ്ഥാനത്തിന്റെ മർമ്മമെന്നു വ്യാഖ്യാനിക്കാവുന്നതാണ്.

കുറേക്കാലങ്ങൾക്കുമുൻപ് കേരളീയ പുരോഗമനസാഹിത്യക്കമ്മററിക്കാർ, വള്ളത്തോൾ, ജി. ശങ്കരക്കുറുപ്പ്, ബാലാമണിയമ്മ മുതലായി പത്തുപേരുടെ കവിതകൾ ചേർത്ത് "ശാശ്വതരശ്മികൾ" എന്നൊരു പുസ്തകം പ്രസിദ്ധീകരിച്ചു. ഇതാണ് ഈ ശാഖയിലെ ആദ്യത്തെ ഗ്രന്ഥം. ഇതിനെത്തുടർന്ന് ഇടപ്പള്ളി രാഘവൻപിള്ള, ചങ്ങമ്പുഴ മുതലായവർ ഈ ശാഖയിൽ പല ഗ്രന്ഥങ്ങളും നിർമ്മിച്ചു. ഇതോടെ മററുപലരും ഈ ശാഖയിൽക്കയറി സ്വൈരമായി വിളയാടാൻ തുടങ്ങി.

കെടാമംഗലം പപ്പുക്കുട്ടി, വയലാർ രാമവർമ്മ, വെട്ടിക്കവല നാരായണദാസ്സ്— മുതലായവർ ഈ ശാഖയിൽ കാവ്യങ്ങളും കവിതകളും എഴുതിക്കൊണ്ടിരിക്കുന്ന കവികളാണ്. അങ്ങനെ പദ്യശാഖ വിശാലമാകുന്നു.

ഗദ്യശാഖയിൽ ലേഖനങ്ങൾ, ചെറുകഥകൾ, നോവലുകൾ, നാടകങ്ങൾ മുതലായി പലതും അനുദിനം ഉത്ഭവിച്ചുകൊണ്ടിരിക്കുന്നു. തകഴി ശിവശങ്കരപ്പിള്ള—കേശവദേവ്, പൊൻകുന്നം വർക്കി, മഹമ്മദ് ബഷീർ, കാരൂർ, വെട്ടൂർ, പൊററെക്കാട്ട്, പാൽക്കുളങ്ങര സരസ്വതിഅമ്മ, ബാലകൃഷ്ണൻ മുതലായവർ കഥാ നോവൽ പ്രസ്ഥാനത്തിൽ പ്രവേശിച്ചു പേരെടുത്തിട്ടുള്ളവരാണ്. ലോകത്തിലെ മുതലാളി ചൂഷണം നിറുത്തുവാനാണ് ഇവരുടെ ശ്രമം. ആശയഗതി എല്ലാവർക്കും രുചിക്കുന്നതല്ല. ഏതായാലും ഈ ശാഖയിൽപ്പെട്ട ഗ്രന്ഥങ്ങൾ വായിക്കുവാൻ സാമാന്യക്കാരുടെ ഇടയിൽ ഒരു പ്രത്യേകാസക്തി കാണുന്നുണ്ടെന്നു പറയാം.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

• DIGITAL LIBRARY • ARAMAIC PROJECT
• ENCYCLOPEDIA OF SYRIAC CHANTS
• MUSIC ICONOGRAPHY • CHRISTIAN ART
• RESOURCE FOR RESEARCHERS